**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1986** **14-10-2024 - ൽ മറുപടിയ്ക്ക്**

**റീബിൽഡ് കേരള കൺസൽട്ടൻസി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | റീബിൽഡ് കേരള കൺസൽട്ടൻസിയായി കെ.പി.എം.ജി. എന്ന് മുതലാണ് പ്രവർത്തനം ആരംഭിച്ചതെന്നും എന്തൊക്കെ സേവനങ്ങളാണ് ലഭിക്കുന്നതെന്നും വ്യക്തമാക്കാമോ; | (എ) | റീബിൽഡ് കേരള ഇനിഷ്യേറ്റീവിനുവേണ്ട 'പ്രൊജക്റ്റ് മാനേജ്മെന്റ് സപ്പോർട്ട് സർവീസസ്(PMSS)' നൽകുന്നതിനായി കെ.പി.എം.ജി കൺസൽട്ടൻസി സർവീസസ് പ്രൈവറ്റ് ലിമിറ്റഡ് (KPMG consultancy Services Private Ltd) എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിരുന്നു. പ്രസ്തുത സ്ഥാപനം 22.06.2020 മുതൽ 31.01.2023 വരെ സർവീസ് നൽകി. തുടർന്ന്, കെ.പി.എം.ജി. അഷ്വറൻസ് ആൻഡ് കൺസൽട്ടിംഗ് സർവീസസ് LLP എന്ന സ്ഥാപനത്തിനെ പ്രൊജക്റ്റ് മാനേജ്മെന്റ് സപ്പോർട്ട് സർവീസ് നൽകുന്നതിനായി തിരഞ്ഞെടുത്തു. പ്രസ്തുത സ്ഥാപനം 04.04.2023 മുതൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് പ്രോജക്റ്റ് മാനേജ്മെന്റ് സപ്പോർട്ട് നൽകി വരുന്നു.<br><br>ആർകെഐ വിവിധ മൾട്ടിലാറ്ററൽ പങ്കാളികളുടെ സാമ്പത്തിക സാങ്കേതിക സഹായത്തോടെ നടപ്പാക്കി വരുന്ന വിവിധ പ്രോഗ്രാമുകളുടെ ഏകോപനം, അവലോകനം, പുരോഗതി നിരീക്ഷണം, റിപ്പോർട്ടിങ് ആശയവിനിമയം, പരാതികൾ പരിഹരിക്കൽ, പരിശീലനം എന്നിങ്ങനെ പ്രോഗ്രാമുമായി ബന്ധപ്പെട്ട വിവിധ തലങ്ങളിൽ ആർകെഐയെ സഹായിക്കുക എന്നതാണ് പ്രൊജക്റ്റ് മാനേജ്മെന്റ് സപ്പോർട്ട് സർവീസസിനായി ചുമതലപ്പെടുത്തിയിട്ടുള്ള കൺസൽട്ടൻസിയുടെ പ്രധാന ചുമതല. അതോടൊപ്പം ബന്ധപ്പെട്ട വകുപ്പുകൾ,നിർവഹണ ഏജൻസികൾ എന്നിവ സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശങ്ങളുടെ അവലോകനം,അംഗീകാരം,പുരോഗതി നിരീക്ഷണം, ഫണ്ടിങ്ങ്, റിപ്പോർട്ടിംഗ്, ആശയവിനിമയം, പരാതികൾ പരിഹരിക്കൽ എന്നീകാര്യങ്ങളിലും ഇവർ ആർകെഐയെ സഹായിക്കുന്നു. |

| | | | |
|---|---|---|---|
| | | | നിശ്ചിത ടേംസ് ഓഫ് റെഫറൻസിന്റെ അടിസ്ഥാനത്തിൽ ദേശീയ മാധ്യമങ്ങളിൽ പരസ്യം നൽകി നടത്തപ്പെട്ട ടെൻഡറിങ്ങ് നടപടികളിലൂടെയാണ് ബന്ധപ്പെട്ട ഏജൻസികളെ തെരഞ്ഞെടുത്തിട്ടുള്ളത്.<br><br>കെ.പി.എം.ജി. അഡ്വൈസറി സർവീസസ് പ്രൈവറ്റ് ലിമിറ്റഡിന് 22.06.2020 മുതൽ 31.01.2023 വരെയുള്ള കാലയളവിൽ ശമ്പളയിനത്തിൽ ആകെ 5,44,37,156 (ജി.എസ്.ടി ഒഴികെ) നൽകിയിട്ടുണ്ട്.<br><br>നിലവിലെ PMSS കൺസൽട്ടന്റിന്റെ (കെ.പി.എം.ജി അഷ്വറൻസ് കൺസൽട്ടൻസി) ഭാഗമായി 12 ജീവനക്കാർ റീബിൽഡ് കേരളയിൽ പ്രവർത്തിച്ചു വരുന്നു. ഈ കൺസൾട്ടൻസിയുടെ നിലവിലെ പ്രതിമാസ സർവീസ് ചാർജ് 19.40 ലക്ഷം രൂപ (ജി.എസ്.ടി ഒഴികെ) ആണ്. 2023 ഏപ്രിൽ മാസം മുതൽ 2024 ജൂൺ വരെയുള്ള കാലയളവിൽ 2,02,71,143 രൂപ (ജി.എസ്.ടി ഒഴികെ) പ്രസ്തുത സ്ഥാപനത്തിന് ശമ്പളയിനത്തിൽ നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കൺസൽട്ടൻസിയിലെ എത്ര ജീവനക്കാരാണ് റീബിൽഡ് കേരളയിൽ പ്രവർത്തിക്കുന്നതെന്നും, ഇവരുടെ പ്രതിമാസ ശമ്പളം എത്രയാണെന്നും, നാളിതുവരെ എത്ര തുക കൺസൾട്ടൻസിക്ക് നൽകിയെന്നും വ്യക്തമാക്കാമോ? | (ബി) | റീബിൽഡ് കേരള ഇനിഷ്യേറ്റീവിനുവേണ്ട 'പ്രൊജക്റ്റ് മാനേജ്മെന്റ് സപ്പോർട്ട് സർവീസസ്(PMSS)' നൽകുന്നതിനായി കെ.പി.എം.ജി കൺസൾട്ടൻസി സർവീസസ് പ്രൈവറ്റ് ലിമിറ്റഡ് (KPMG consultancy Services Private Ltd) എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിരുന്നു. പ്രസ്തുത സ്ഥാപനം 22.06.2020 മുതൽ 31.01.2023 വരെ സർവീസ് നൽകി. തുടർന്ന്, കെ.പി.എം.ജി. അഷ്വറൻസ് ആൻഡ് കൺസൾട്ടിംഗ് സർവീസസ് LLP എന്ന സ്ഥാപനത്തിനെ പ്രൊജക്റ്റ് മാനേജ്മെന്റ് സപ്പോർട്ട് സർവീസ് നൽകുന്നതിനായി തിരഞ്ഞെടുത്തു. പ്രസ്തുത സ്ഥാപനം 04.04.2023 മുതൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് പ്രോജക്റ്റ് മാനേജ്മെന്റ് സപ്പോർട്ട് നൽകി വരുന്നു.<br><br>ആർകെഐ വിവിധ മൾട്ടിലാറ്ററൽ പങ്കാളികളുടെ സാമ്പത്തിക സാങ്കേതിക സഹായത്തോടെ നടപ്പാക്കി വരുന്ന വിവിധ പ്രോഗ്രാമുകളുടെ ഏകോപനം, അവലോകനം, പുരോഗതി നിരീക്ഷണം, റിപ്പോർട്ടിങ്ങ് ആശയവിനിമയം, പരാതികൾ പരിഹരിക്കൽ, പരിശീലനം എന്നിങ്ങനെ പ്രോഗ്രാമുമായി ബന്ധപ്പെട്ട വിവിധ തലങ്ങളിൽ ആർകെഐയെ സഹായിക്കുക എന്നതാണ് പ്രൊജക്റ്റ് മാനേജ്മെന്റ് സപ്പോർട്ട് സർവീസസിനായി ചുമതലപ്പെടുത്തിയിട്ടുള്ള കൺസൽട്ടൻസിയുടെ പ്രധാന ചുമതല. അതോടൊപ്പം ബന്ധപ്പെട്ട വകുപ്പുകൾ,നിർവഹണ ഏജൻസികൾ എന്നിവ |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശങ്ങളുടെ അവലോകനം,അംഗീകാരം,പുരോഗതി നിരീക്ഷണം, ഫണ്ടിങ്ങ്, റിപ്പോർട്ടിംഗ്, ആശയവിനിമയം, പരാതികൾ പരിഹരിക്കൽ എന്നീകാര്യങ്ങളിലും ഇവർ ആർകെഐയെ സഹായിക്കുന്നു.<br><br>നിശ്ചിത ടേംസ് ഓഫ് റെഫറൻസിന്റെ അടിസ്ഥാനത്തിൽ ദേശീയ മാധ്യമങ്ങളിൽ പരസ്യം നൽകി നടത്തപ്പെട്ട ടെൻഡറിങ്ങ് നടപടികളിലൂടെയാണ് ബന്ധപ്പെട്ട ഏജൻസികളെ തെരഞ്ഞെടുത്തിട്ടുള്ളത്.<br><br>കെ.പി.എം.ജി. അഡ്വൈസറി സർവീസസ് പ്രൈവറ്റ് ലിമിറ്റഡിന് 22.06.2020 മുതൽ 31.01.2023 വരെയുള്ള കാലയളവിൽ ശമ്പളയിനത്തിൽ ആകെ 5,44,37,156 (ജി.എസ്.ടി ഒഴികെ) നൽകിയിട്ടുണ്ട്.<br><br>നിലവിലെ PMSS കൺസൽട്ടന്റിന്റെ (കെ.പി.എം.ജി അഷ്വറൻസ് കൺസൽട്ടൻസി) ഭാഗമായി 12 ജീവനക്കാർ റീബിൽഡ് കേരളയിൽ പ്രവർത്തിച്ചു വരുന്നു. ഈ കൺസൽട്ടൻസിയുടെ നിലവിലെ പ്രതിമാസ സർവീസ് ചാർജ് 19.40 ലക്ഷം രൂപ (ജി.എസ്.ടി ഒഴികെ) ആണ്. 2023 ഏപ്രിൽ മാസം മുതൽ 2024 ജൂൺ വരെയുള്ള കാലയളവിൽ 2,02,71,143 രൂപ (ജി.എസ്.ടി ഒഴികെ) പ്രസ്തുത സ്ഥാപനത്തിന് ശമ്പളയിനത്തിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ